KSACS

Kerala State AIDS Control Society
Red cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, fax: +91 471 2305183 email: info@ksacs.in

**31.07.2009**

# എച്ച്ഐവി നിയന്ത്രണം: റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നു

തിരുവനന്തപുരം: കോളജ് വിദ്യാർഥികൾക്കിടയിൽ എച്ച്ഐവി അവബോധ പ്രവർത്തനങ്ങളും സന്നദ്ധരക്തദാനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് ഇതു നടത്തുന്നത്.

ഇതിന്റെ ഭാഗമായി കോളജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ രൂപരേഖ തയാറാക്കുന്നതിനായി കേരള സർവകലാശാലയുടെ കീഴിലുള്ള കോളജുകൾ, കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ തിരുവനന്തപുരം സെന്റർ, കാർഷിക സർവകലാശാല വെള്ളായണി സെന്റർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരെ പങ്കെടുപ്പിച്ചുകൊ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി തിരവുനന്തപുരത്ത് ശില്പശാല നടത്തി.

ശില്പശാല കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ ഉദ്ഘാടനം ചെയ്തു. ഐ.സി.ടി.സി അസിസ്റ്റന്റ് ഡയറക്ടർ ഡോ. റബേക്ക ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ബോധവത്കരണവിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ, എൻഎസ്എസ് സ്റ്റേറ്റ് ലെയ്സൺ ഓഫീസർ അനിത ശങ്കർ, എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഡോക്യുമെന്റേഷൻ ആൻഡ് പബ്ലിസിറ്റി അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി തുടങ്ങിയവർ പ്രസംഗിച്ചു.

എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ബ്ലഡ് സേഫ്റ്റി ജോയിന്റ് ഡയറക്ടർ ഡോ. സുശീല ഇൻന, ഐ.സി.ടി.സി അസിസ്റ്റന്റ് ഡയറക്ടർ ഡോ. റബേക്ക, യൂത്ത് അഫയേഴ്സ് കൺസൾട്ടന്റ് വി.ജെ. നിജോ എന്നിവർ ക്ലാസുകൾ എടുത്തു.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**